(ബി) അനുവദിച്ച പുതിയ ബസ്സ് റൂട്ടുകൾ ഏതെല്ലാം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 408 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 302 എണ്ണം വലിയ ബസ്സുകളും ബാക്കി 106 എണ്ണം ചെറിയ ബസ്സുകളുമാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു. †

സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും

136 [563] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ വായ്പാ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും ക്രമാതീതമായി കൂടി വരുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾ ലംഘിച്ചും മതിയായ ഈടു വാങ്ങാതെയും വായ്പകൾ നൽകുന്നതുമൂലമാണിതുണ്ടാകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരിച്ചടവ് ശേഷി ഉണ്ടെന്ന് ഉറപ്പു വരുത്താതെ കടലാസ് കമ്പനികൾക്കും വ്യക്തികൾക്കും ഭരണസമിതി വായ്പ നൽകുന്നതുമൂലം ബാങ്കിന്റെ സാമ്പത്തിക ഭദ്രത ഇല്ലാതാവുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഏറ്റവും ഒടുവിലത്തെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയും വായ്പാ കുടിശ്ശികയും എത്ര രൂപാ വീതമാണെന്നും, നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വരുമ്പോൾ അത് എത്ര ആയിരുന്നു എന്നും വ്യക്തമാക്കാമോ;

(ഇ) നബാർഡിന്റെ ഇൻസ്പെക്ഷൻ വിംഗ് ബാങ്ക് പരിശോധനകൾക്ക് ശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഷെഡ്യൂൾ ബാങ്കുകളിലെ വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് സഹകാര്യ വ്യക്തികൾക്ക് സംസ്ഥാന സഹകരണ ബാങ്ക് ടേക്ക് ഓവർ വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്രകോടി വീതമെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) 31-3-2004-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം നിഷ്ക്രിയ ആസ്തി 155.65 കോടി രൂപയും, വായ്പാ കുടിശ്ശിക 148. 42 കോടി രൂപയുമാണ്. നിലവിലുള്ള ഭരണ സമിതി 22-5-2002-ൽ അധികാരത്തിൽ വരുമ്പോൾ 31-3-2002-ലെ ആഡിറ്റ് ചെയ്ത കണക്കു പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 78.18 കോടി രൂപയും വായ്പാ കുടിശ്ശിക 88.47 കോടി രൂപയും ആയിരുന്നു.

(ഇ) 2004-ലെ ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(എഫ്) സഹകാരി സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

		(തുക കോടിയിൽ)
1.	ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് ..	3.40
2.	ബൻടെക് ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് ..	0.43
3.	കണ്ണൂർ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് ..	4.50
4.	പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജ് ..	0.03
5.	സെന്റ് ജോർജ് കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ് ..	1.51
6.	ഹ്യൂസ് അഡ്വർടൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ് ..	0.35
7.	അഷ്ടമുടി റിസോർട്ട്സ് ..	1.02
8.	ശ്രീനിവാസ് റോളർ ഫ്ളവർ മിൽസ് ..	2.27
9.	ശ്രീ ശ്രീമഹാശക്തി മിൽസ് ..	3.50
10.	ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ് ..	2.58
11.	സാഹി ടയേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് ..	1.05
12.	ജെ. ജെ. ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ..	2.40
13.	ശ്യാമവർണ്ണ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ..	2.65
14.	പരാശക്തി മൾട്ടി ഡിസ്പെൻസറി ഹെൽത്ത് സെന്റർ പ്രൈവറ്റ് ലിമിറ്റഡ് ..	0.29

LIBRARY ARCHIVES Kerala Legislative Assembly